

# വേൽച്ചൂട്

നവനദികൾ ശുഭ്രനാളങ്ങൾ വരണ്ടാർത്ത-
നയനികൾ വിടർത്തു മൃഗതൃഷ്ണയിലമർന്നതും.
അഭിരുചിത തീരങ്ങളെല്ലാമഗമ്യമാ-
യുരുകിയെരിയും മണൽത്തിട്ടകൾ തീർത്തതും

എരിപൊരിതളംതത്തിനില്ക്കുന്ന വീഥികൾ
ക്കരുവു വഴിയമ്പലങ്ങൾ വിണ്ടുവീണതും
ഒരു തരുനിഴൽപോലുമെത്താതിരുന്നതും
ഒരു തൃണവുമെങ്ങും കുരുക്കാതിരുന്നതും

അഭയമണയാൻ മരച്ചില്ല കാണാഞ്ഞുഴ-
ന്നതുവഴി പറന്നാരറച്ചറച്ചാധിപൂ-
ണ്ടവരരിയപക്ഷികൾ പക്ഷങ്ങൾ വെന്തുവിൺ
തെരുവുകളുപേക്ഷിച്ചുതാഴെപ്പതിച്ചതും





ഉയരെയൊരു മലപൊട്ടിയെട്ടുദിക്കും ഞെട്ടി-
അതിനരികിലുഴറിയലറിക്കേണ മർത്യർത-
ന്നധിവസിത ഗേഹങ്ങൾ ദേഹങ്ങൾ മണ്ണിന്റെ
അടിയിലതി ദാരുണം മൂടിപ്പുതഞ്ഞതും.

ഉരുളുമൃതുചക്രങ്ങളെങ്ങോ നിലച്ചതും
ഉരസിയലയും കാറ്റചഞ്ചലം നിന്നതും
വസുധരയെ നൂപുരം ചാർത്തും മഹാവൃക്ഷ-
വിസൃതവനമെങ്ങും തരിശു ഭൂവായതും

പുരയുടെ വരാന്തമേൽതൂങ്ങും കിളിക്കൂട്ടി-
ലൊരു തടവുപുള്ളിയാം തത്തയ്ക്കുരോഷമായ്
ഇവിടെ മനുജൻ തന്നെ തങ്ങൾക്കുമെങ്ങൾക്കു
മധികവിനതീർക്കുന്നിതൂഴിക്കുതന്നെയും.